


# ശിശിരനിദ്രയുടെ അവസ്ഥാന്തരങ്ങൾ (നോവൽ നിരൂപണം)

***ശാന്താ തുളസീധരൻ***

**സാബുശങ്കറിന്റെ 'ശിശിരനിദ്ര'എന്ന നോവലിലൂടെ കടന്നുപോയപ്പോൾ തോന്നിയതോ അനുഭവപ്പെട്ടതോ ആയ ചില വസ്തുതകളിലേയ്ക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുകയാണിവിടെ. ഭൂമിയുടെ പരിക്രമണം സൃഷ്ടിക്കുന്ന ഒരവസ്ഥയാണ് ശിശിരം. എന്നാൽ ശിശിരം ഒന്നിന്റെയും അവസാനമല്ല.**

**അതിവിശിഷ്ടമായ വസന്തവും ക്രിയാത്മകമായ ഗ്രീഷ്മവും പിന്നാലെ ഉണ്ടെന്ന ഓർമ്മപ്പെടുത്തലായും ശിശിരത്തെ കാണാം. എന്തായാലും പ്രകൃതിയുടെ അനിവാര്യതയായ ശിശിരം ഒരുതരം സുഷുപ്തിയും നിസംഗതയുമാണ് സൃഷ്ടിക്കുന്നത് എന്നതിൽ തർക്കമില്ല. പ്രതിഷേധത്തിന്റെ ഇല പൊഴിക്കലിലൂടെ ദുരന്ത സൂചനകൾ നൽകാനും ശിശിരത്തിന് കഴിയുന്നു.**

**മനുഷ്യമനസ്സിനും ഋതുപകർച്ചകളുണ്ട്. ശിശിരവും വസന്തവും ഗ്രീഷ്മവും ഒക്കെ പ്രകടമാണുതാനും. മനുഷ്യമസ്തിഷ്കം നിഷ്ക്രിയമാകുന്ന നിദ്രയുടെ തലം വിശേഷിച്ചും നിസംഗമായിരിക്കും. നിഷ്ക്രിയാത്മക സുഷുപ്തി സൃഷ്ടിക്കുന്നത് ഒരുതരം മരണമാണ്. ജഡതുല്യമായി ജീവിച്ചിരിക്കുന്നവർക്കെല്ലാം പൊള്ളുന്ന ചൂടിലും കുളിരാകുമ്പോൾ തീ കായാനിടമൊരുക്കുന്ന ഭര**

ണപക്ഷങ്ങളുടെ വ്യാകുലതകളേക്കാൾ ദിവസക്കൂലിക്ക് പ്രതികരണശേഷി അറ്റ ഈ ജഡതയെ ഉപയോഗപ്പെടുത്തുന്ന വിപണനതന്ത്രങ്ങളുടെ നിഗൂഢതകളാണ് ചാട്ടവാറുകളായി വായനക്ക കമ്പടിയാകുന്നത്. ഇവിടെ അദൃശ്യസാന്നിദ്ധ്യമാകുന്ന കോർപ്പറേറ്റ് തന്ത്രങ്ങൾ ഒരു ചിരിയിൽ വായനക്കു കൂട്ടുചേരുന്നു.

ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച ഈ നോവലിലുടനീളം വായനക്കാരുടെ കൂടെ വരുന്ന പ്രഹ സനാക്ഷേപധ്വനിയുള്ള ചിരിയാണ് എടുത്തുപറയത്തക്ക സവിശേഷത. കാലഹരണപ്പെട്ട പര മ്പരാഗത രചനാ ശിശിരത്തിൽനിന്നു മാറി ഉത്തരാധുനിക നവോത്ഥാന രചനയുടെ വസന്ത വഴിയിലൂടെ സഞ്ചരിക്കുന്ന സാബുശങ്കറിന്റെ ആയുധവും മേൽപ്പറഞ്ഞ 'ചിരി'യാണ്. കഴു ത്തിൽ കത്തിയാഴ്ത്തിക്കൊണ്ട് പ്രണയം പറയുന്ന അവസ്ഥ ഒരു പക്ഷേ വായിച്ചു കഴിയുമ്പോ ഴാണ് കൂടുതൽ വ്യക്തമാകുന്നത്. ഇവിടെ ഗ്രന്ഥകാരന്റെ 'രചനാതന്ത്രം' അഥവാ എഴുത്തുവഴി വെളിപ്പെടുന്നു. ആശയ സംവേദനത്തിന് ആക്ഷേപഹാസ്യം അത്യുത്തമമെന്ന് ഒരുനിമിഷം കുഞ്ചൻ നമ്പ്യാരിലെത്തുക സ്വാഭാവികം.

വിഷയസ്വീകാര്യതയല്ല, അത് വായനക്കാരിലേയ്ക്ക് സന്നിവേശിപ്പിക്കുന്ന രീതി ( മാർഗ്ഗം) യാണ് പ്രധാനമെന്ന് ശിശിരനിദ്ര ആവർത്തിച്ചുറപ്പിക്കുന്നു. ഭീഷണിയുടെ മുൾമുന പ്രയോഗങ്ങളല്ല, ആശങ്കയുടെ ആധിപൂണ്ട പ്രകടനങ്ങളുമല്ല മറിച്ച് ഹാസ്യത്തിൽ പൊതിഞ്ഞ വിരുദ്ധോക്തി കൾക്കാണ് ആഴത്തിലുള്ള ആശയസംവേദന സാധ്യത കൂടുതലെന്ന് ശിശിരനിദ്ര അടിവരയിടു ന്നിടത്ത് സാബുശങ്കറിന്റെ ചിരി അന്വർത്ഥമാകുന്നു.

വരാനിരിക്കുന്ന, വന്നു കഴിഞ്ഞ ഒരു അനിവാര്യദുരന്തമാണ് ശിശിരനിദ്ര. സമൂഹത്തിലെ പ്രതി കരിക്കുന്ന വ്യക്തികളെ മാത്രം ബാധിക്കുന്ന ശിശിരനിദ്ര (നിദ്രാരോഗം) ഒരേസമയം ആശങ്കയും അതേസമയം ആശ്വാസവും സൃഷ്ടിക്കുന്നത് നോവലിൽ കാണാം. ഏക ആശ്വാസം പ്രതികരി ക്കുന്ന, ചിന്തിക്കുന്ന തലച്ചോറുകളെ മാത്രമേ ഈ രോഗം ബാധിക്കുന്നുള്ളൂ എന്നിടത്ത് ബഹു ഭൂരിപക്ഷവും സുരക്ഷിതമേഖലയിലാണ്. പ്രതികരിക്കുന്നവർക്കും പ്രതീക്ഷയ്ക്ക് വകയുണ്ട്; പ്രതിഷേധങ്ങളും പ്രതികരണങ്ങളും നിർത്തിയാൽ.

ഇന്ത്യ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു വൻ വിപത്തിലേയ്ക്കാണ്
നോവലിസ്റ്റ് വായനക്കാരെ നയിക്കുന്നത്. സ്വാതന്ത്ര്യത്തിന് മുമ്പ് സമൂഹത്തിലെ ബുദ്ധിജീവി കൾ മുതൽ താഴെത്തട്ടിലുള്ള സാധാരണ തൊഴിലാളികൾ വരെ പൊതുശത്രുവിനെതിരെ പുലർത്തിയിരുന്ന ജാഗ്രത സ്വാതന്ത്ര്യാനന്തര സുഷുപ്തിയിലേയ്ക്ക് പതിച്ചു. ഇവിടെയാണ് അധിനിവേശങ്ങൾ പിന്നിലൂടെ
ഇഴഞ്ഞെത്തിയതും 'ഭാരതീയത'യെ അപ്പാടെ വിഴുങ്ങിയതും. ഇടയ്ക്കെങ്കിലും പ്രതിഷേധമു ണ്ടായാൽ പ്രലോഭനങ്ങളുടെ നാഗമാണിക്യങ്ങൾ കാട്ടി സുഷുപ്തിയിലേയ്ക്കു നയിക്കുന്ന കോർപ്പറേറ്റ് തന്ത്രങ്ങൾക്കു കൂട്ടുനില്ക്കുന്ന ഭരണ–പ്രതിപക്ഷങ്ങളെ ഒരു ഞെട്ടലോടെ മാത്രമേ കണ്ടുനില്ക്കാനാവൂ.

മിനിമാരുടെ കടന്നുവരവും നിദ്രാരോഗികളുടെ ഗതികേടും മാത്രമല്ല കള്ളു കച്ചവടക്കാരനും സ്വർണ്ണവ്യാപാരിയും ജനാധിപത്യ സംവിധാനത്തിന്റെ ചുക്കാൻ പിടിക്കുന്നതിന്റെ സാംഗത്യം കുറിക്കുകൊള്ളുന്ന ആക്ഷേപത്തിലൂടെ നോവലിസ്റ്റ് വരച്ചുകാട്ടുന്നു. നാവ് തൊണ്ടയിലേയ്ക്ക് തള്ളിയിടുന്ന അവസ്ഥ സൃഷ്ടിക്കുന്നത് മറ്റൊരു ശിശിരമാണ്– മരണത്തിനേക്കാൾ ഭയാനക മായ നിദ്രാരോഗം എന്ന ജഡാവസ്ഥ.

കേരളത്തിന്റെ തലസ്ഥാന നഗരിയുടെ പശ്ചാത്തലത്തിലാണ് നോവൽ പൂർണ്ണതയിലേയ്ക്കു നീങ്ങുന്നത്. സമൂഹത്തിലെ വിവിധ ശ്രേണിയിൽപ്പെട്ടവരെ ആക്ഷേപഹാസ്യത്തിന്റെ മൂർച്ച

യുള്ള അമ്പുകളാൽ തളച്ചുനിർത്താൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. അയത്ന ലളിതമെന്ന് ഒറ്റ വായനയിൽ തോന്നാവുന്ന രചനാരീതി അത്ര ലളിതമല്ലെന്ന് ആദ്യാവസാനം നിലകൊള്ളുന്ന നർമ്മരസം ബോധ്യപ്പെടുത്തുന്നുണ്ട്.

ഈ നോവലിന്റെ മൊത്തത്തിലുള്ള ശില്പഘടന മലയാള നോവൽ സാഹിത്യത്തെ സംബന്ധി ച്ചിടത്തോളം അഭൂതപൂർവ്വമായ ഒരു രീതിശാസ്ത്രത്തിന്റേതാണ്. അവതാരികയിൽ ഡോ. വി. രാജകൃഷ്ണൻ ചൂണ്ടിക്കാട്ടുന്നതു പോലെ – കൂട്ടായ ഒരു പകർച്ചവ്യാധിയുടെ കടന്നുവരവിനെ രൂപകമാക്കിക്കൊണ്ട് ഒരു ജനസമൂഹത്തിന്റെ ആത്മവത്തയുടെ ആഴം അളക്കാൻ ശ്രമിക്കുന്ന പ്രശസ്തമായ ചില രചനകൾ ലോകസാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്. ഏതാണ്ട് ഈ ദിശയിലുള്ള ഒരു പരീക്ഷണമാണ് ശിശിരനിദ്ര എന്ന തന്റെ പുതിയ നോവലിൽ സാബുശങ്കർ നടത്തു ന്നത്എന്ന  നിരീക്ഷണത്തിൽ തനതായൊരു രീതിശാസ്ത്രം അഥവാ സൗന്ദര്യതത്വശാസ്ത്രം നോവലിസ്റ്റ് രൂപപ്പെടുത്തിയിട്ടുള്ളതായി കാണാം. 1987–ൽ പ്രസിദ്ധീകരിച്ച 'സിനിമയുടെ സൗന്ദര്യശാസ്ത്രത്തിന് ഒരാമുഖം' മുതൽ 2012–ലെ 'രൂപിമങ്ങൾ സ്വനിമങ്ങൾ സിനിമയുടെ രസദർശനങ്ങൾ' വരെയുള്ള പത്തോളം ഗ്രന്ഥങ്ങളിൽ ഈ ദിശയിലുള്ള അന്വേഷണം നോവലി സ്റ്റിൽ
പ്രബലമാണ്. 1920 –കളിലെ സോഷ്യലിസ്റ്റ് റിയലിസം, 1930–കളിലെ എപിക് റിയലിസം, 1950–ക ളിലെ മാജിക്കൽ റിയലിസം, 1960 – കളിലെ സോഷ്യൽ റിയലിസം, 1970 – കളിലെ സോഷ്യലിസ്റ്റ് സർറിയലിസം എന്നിങ്ങനെയുള്ള ലോകകലയുടെ പ്രത്യേകിച്ച് ആധുനിക കലയുടെ സിദ്ധാന്ത പരമായ പരിണാമങ്ങൾ 2016–ൽ എത്തുമ്പോൾ വ്യതിരിക്തമായൊരു രൂപം കൈവരിച്ചു വെന്നു വേണം കരുതാൻ. സാമൂഹിക യാഥാർത്ഥ്യത്തിന്റെ കാലികമായ പ്രതിഭാസരൂപങ്ങളെ മുൻകാല രീതിയിലല്ല മറിച്ച് പുതിയൊരു അതീതയാഥാർത്ഥ്യത്തിന്റെ മാതൃകയിലാണ് ഇവിടെ ശൈലീകരിച്ചിട്ടുള്ളത്. സാമൂഹികമായ തലങ്ങളുടെ ഈ പ്രത്യേക ആവിഷ്കാര രീതിശാസ്ത്രത്തെ വേണമെങ്കിൽ 'സോഷ്യൽ സർറിയലിസം'എന്നും നിരൂപിക്കാവുന്നതാണ്.

ഒരു പരീക്ഷണപ്പറക്കലിന്റെ എല്ലാ അവസ്ഥാന്തരങ്ങളും ഈ നോവലിലൂടെ മറ നീക്കി വരുന്ന തുകാണാം. എന്നാൽ ഉത്തരാധുനിക നവോത്ഥാന സാഹിത്യമെന്ന ശുഭോദർക്കലക്ഷ്യത്തിലേ യ്ക്കുള്ള യാത്രയിൽ ഒരു പക്ഷേ ചെറിയ ഉലച്ചിലുകളും അസ്വസ്ഥതകളും അനുഭവപ്പെട്ടേ ക്കാം. 'അങ്ങനെയായിരുന്നെങ്കിൽ'എന്ന ചെറുനിശ്വാസങ്ങളുതിർന്നേക്കാം. സാധാരണ വായന ക്കപ്പുറത്തേയ്ക്ക് വായനക്കാരനെ കൂട്ടിക്കൊണ്ടു പോകാൻ തക്ക വിധത്തിലാണ് നിദ്രാരോഗി കളുടെ ശിശിരാവസ്ഥയെ സജ്ജമാക്കിയിട്ടുള്ളതെന്ന് നിസ്സംശയം പറയാം. നിരൂപക ശ്രദ്ധ ഈ കൃതിയെ നന്നായി വിലയിരുത്തട്ടെ.  കണ്ണിലെ ഞരമ്പുകൂട്ടിലേയ്ക്ക് പാഞ്ഞുവരുന്ന കറുത്ത പക്ഷിയുടെ ചിറകടികൾ നമ്മെ ജാഗ്രതയിലേയ്ക്ക് നയിക്കട്ടെ.

**************

